ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷൻ കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്ട് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് കരകൗശല വസ്തുക്കളുടെ വിപണനം പ്രധാനമായും നടക്കുന്നത്.

കരകൗശല വികസന കോർപ്പറേഷനും സുരഭിയും കേരളത്തിനകത്തും പുറത്തും വിവിധ ടൂറിസ്റ്റു കേന്ദ്രങ്ങളിലും പ്രദർശന വിപണനം നടത്തിയും ടി സ്ഥാപനങ്ങളിലെ വില്പന ശാലകളിൽ വിശേഷാവസരങ്ങളിൽ വിലയിൽ ആനുകൂല്യങ്ങളനുവദിച്ചും ടൂറിസ്റ്റുകളെയും ഉപഭോക്താക്കളെയും പരസ്യങ്ങൾ മുഖേന ബോധവൽക്കരിച്ചും കരകൗശല വസ്തുക്കളുടെ വിപണനം വർദ്ധിപ്പിക്കുന്നുണ്ട്.

കൂടാതെ ആർട്ടിസാൻസ് ഡവലപ്പ്മെന്റ്സ് കോർപ്പറേഷനും കരകൗശല വസ്തുക്കളുടെ വിപണനത്തിനുവേണ്ടി വിവിധ കേന്ദ്രങ്ങളിൽ പ്രദർശന മേളകൾ സംഘടിപ്പിക്കാറുണ്ട്.

(ബി) കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഏഴ് ജില്ലാ ആസ്ഥാനങ്ങളിൽ വിൽപ്പനശാലകൾ പ്രവർത്തിച്ച് വരുന്നുണ്ട്. മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും ടൂറിസ്റ്റു കേന്ദ്രങ്ങളിലും വിവിധ അവസരങ്ങളിൽ കരകൗശല വസ്തുക്കളുടെ പ്രദർശന വിപണനം നടത്തിവരുന്നുണ്ട്.

സുരഭിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ആസ്ഥാനങ്ങളിലും പ്രധാനപ്പെട്ട ഹോട്ടലുകൾ, ടൂറിസ്റ്റ് ഓപ്പറേറ്റർമാർ, കോവളത്തെ ക്രാഫ്റ്റ് മാർക്കറ്റിംഗ് കോംപ്ലക്സ്, കലൂരിലെ ക്രാഫ്റ്റ് ഡവലപ്പ്മെന്റ് സെന്റർ എന്നിവയിലൂടെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ കരകൗശല വസ്തുക്കളുടെ വിപണനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രദർശന വിപണനം നടത്തിവരാറുണ്ട്.

റൂറൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമനുസരിച്ച് വായ്പാനുകൂല്യങ്ങൾ

42 [496] ശ്രീ. എ. സുജനപാൽ:
„ കെ. എ. ചന്ദ്രൻ:
„ വി. ജെ. പൗലോസ്:
„ എൻ. ഡി. അപ്പച്ചൻ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ സംരംഭങ്ങൾക്ക് റൂറൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമനുസരിച്ച് വായ്പാനുകൂല്യങ്ങൾ നൽകി വന്നിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പദ്ധതിയനുസരിച്ച് എത്ര തുക വരെ വായ്പ നൽകിയിരുന്നു;

(സി) ഈ വായ്പയ്ക്കുള്ള പലിശ എത്രയായിരുന്നു;

(ഡി) ഈ പദ്ധതി പ്രകാരം നൽകി വന്നിരുന്ന തുകയിൽ ഇപ്പോൾ കുറവു വരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്പോൾ നൽകി വരുന്ന വായ്പയെത്രയാണ്;

(എഫ്) ഈ പദ്ധതിപ്രകാരം നൽകിവന്നിരുന്ന വായ്പയുടെ പരമാവധി തുകയിൽ കുറവു വരുത്തിയത് കേരളത്തിൽ മാത്രമാണോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പയ്ക്ക് സബ്സിഡി എന്ന നിലയിൽ വായ്പാനുകൂല്യങ്ങൾ നൽകിയിരുന്നു.

(ബി) 25 ലക്ഷം രൂപ വരെ അടങ്കൽ വരുന്ന പദ്ധതികൾക്ക് 2003-2004 സാമ്പത്തിക വർഷത്തിൽ ദുർബല വിഭാഗങ്ങൾക്ക് 95 ശതമാനംവരെയും മറ്റുള്ളവർക്ക് 90 ശതമാനംവരെയും ബാങ്ക് വായ്പ നൽകിയിരുന്നു.

(സി) റിസർവ് ബാങ്കിന്റെ നിബന്ധനകൾ അനുസരിച്ച് അതാതു ബാങ്കുകൾ അംഗീകരിച്ച പലിശ നിരക്കിലാണ് വായ്പ ലഭിച്ചിരുന്നത്.

(ഡി) ഉണ്ട്. 2004-2005 സാമ്പത്തിക വർഷം മുതൽ ബാങ്കു വായ്പയ്ക്ക് യൂണിറ്റിന്റെ അടങ്കൽ തുക പരമാവധി 5 ലക്ഷം രൂപയായും മാർജിൻമണി ഗ്രാന്റ് യൂണിറ്റിന് 1 ലക്ഷം രൂപയായും കുറവു വരുത്തിയിട്ടുണ്ട്.

(ഇ) ദുർബല വിഭാഗങ്ങൾക്ക് അടങ്കൽ തുകയുടെ 95 ശതമാനം വരെയും മറ്റുള്ളവർക്ക് 90 ശതമാനം വരെയും വായ്പയെടുക്കാം.

(എഫ്) അല്ല. അഖിലേന്ത്യാ തലത്തിൽ ആണ്.

കാരാകോട് സഹകരണ സ്പിന്നിംഗ് മിൽ

43 [497] ശ്രീ. ജി പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരാകോട് സഹകരണ സ്പിന്നിംഗ് മില്ലിന് എൻ.സി.ഡി.സി. നൽകുന്ന സാമ്പത്തിക സഹായത്തിന് സർക്കാർ ഗ്യാരണ്ടി നൽകുന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly